<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.174** **08.02.2016 ലെ മറുപടിക്ക്**

**ചോദ്യം:**
**ശ്രീ.പി.ശ്രീരാമകൃഷ്ണൻ**

**ഉത്തരം:**
**ശ്രീ.ഉമ്മൻചാണ്ടി**
**ബഹു മുഖ്യമന്ത്രി**

## 2015-16 ബഡ്ജറ്റിൽ പശ്ചാത്തല വികസന പദ്ധതികൾക്ക് പ്രഖ്യാപിച്ച തുക

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | 2015-16 ബഡ്ജറ്റിൽ പ്രധാന പശ്ചാത്തല വികസന പദ്ധതികൾക്ക് പ്രഖ്യാപിച്ച 2000 കോടി, വിഴിഞ്ഞം പദ്ധതിക്ക് പ്രഖ്യാപിച്ച 600 കോടി, കൊച്ചിമെട്രോ റയിൽ പദ്ധതിക്ക് പ്രഖ്യാപിച്ച സംസ്ഥാന വിഹിതമായ 940 കോടി ഇവ ഓരോന്നിനും നാളിതുവരെ തന്നാണ്ടിൽ ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ; | മുഖ്യ അടിസ്ഥാന വികസനപദ്ധതികൾ-ക്കായി 2015-16 സാമ്പത്തിക വർഷം വകയിരുത്തിയ 2000.00 കോടി രൂപയുടെ സമാഹൃത ഫണ്ടിൽ നിന്നും 706.10 കോടി രൂപ വിവിധ പദ്ധതികൾക്ക് ഇതിനകം അനുവദിച്ചിട്ടുണ്ട്. ഇതിൽ വിഴിഞ്ഞം തുറമുഖപദ്ധതിക്ക് അനുവദിച്ച 150 കോടി രൂപയും കൊച്ചി മെട്രോയ്ക്ക് അനുവദിച്ച 172.35 കോടി രൂപയും ഉൾപ്പെടുന്നു. ഇതു കൂടാതെ കൊച്ചി മെട്രോയ്ക്ക് 46.70 കോടി രൂപയും ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. |
| (ബി) | മേല്പറഞ്ഞ പദ്ധതികൾ ഓരോന്നും പൂർത്തിയാക്കുമ്പോൾ ആവശ്യമായി വരുന്ന തുക എത്ര എന്ന് അറിയിക്കാമോ; | വിഴിഞ്ഞം പദ്ധതിയെ സംബന്ധിച്ച് നിലവിൽ പുറപ്പെടുവിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ(കൈ)നം.31/2015/മതുവ തീയതി 12.06.2015) പുതുക്കിയ പദ്ധതി ചെലവ് 5552 കോടി രൂപയാണ്. എന്നാൽ വസ്തുവിന്റെ വില, മറ്റ് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, റെയിൽവേ എന്നിവയ്ക്കും, ഭരണച്ചെലവുകൾ മറ്റുള്ളവയ്ക്കുമായി 2148 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആകെ പദ്ധതി തുക 7700 കോടി രൂപ വരുമെന്ന് കണക്കാക്കുന്നു. |
| (സി) | നടപ്പ് സാമ്പത്തിക വർഷം ഓരോ പദ്ധതിക്കും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ? | 2013-14 സാമ്പത്തിക വർഷം മുതൽ മുഖ്യ അടിസ്ഥാന വികസന പദ്ധതികൾക്കായി വകയിരുത്തുന്ന സമാഹൃത ഫണ്ടിൽ നിന്നാണ് ഓരോ പദ്ധതിക്കും ആവശ്യകത അനുസരിച്ച് തുക റീ അലോട്ട് ചെയ്യുന്നത്. ഇപ്രകാരം നടപ്പു വർഷം മുഖ്യ അടിസ്ഥാന വികസന പദ്ധതികൾക്കായി വകയിരുത്തിയ വിഹിതത്തിൽ നിന്നും 35.31% ഇതിനകം വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**